Kerala.HEALTH

ആരോഗ്യവകുപ്പ്

# സുസ്ഥിതി

ത്രൈ മാസിക

സംസ്ഥാന ആരോഗ്യ വിദ്യാഭ്യാസ ബ്യൂറോ പ്രസിദ്ധീകരണം



# സൂര്യാഘാതം

## ലക്ഷണങ്ങൾ

- വളരെ ഉയർന്ന ശരീരതാപനില
- വേഗത്തിലുള്ള ഹൃദയമിടിപ്പ്
- വറ്റിവരണ്ട് ചുവന്ന ചർമ്മം
- ശക്തമായ തലവേദന
- തലകറക്കം
- ഓക്കാനം
- ബോധക്ഷയം
- അപസ്മാരം



Kerala.HEALTH




# സുസ്ഥിതി

ഏപ്രിൽ ലക്കം 2

**എഡിറ്റോറിയൽ ബോർഡ്**

**ഡോക്ടർ റീന കെ ജെ**
ആരോഗ്യ വകുപ്പ് ഡയറക്ടർ

**ഡോക്ടർ മീനാക്ഷി വി.**
അഡീഷണൽ ഡയറക്ടർ കുടുംബ ക്ഷേമം,പ്ലാനിങ്

**ഡോ, റീത്ത കെ പി.**
അഡീഷണൽ ഡയറക്ടർ പൊതുജനാരോഗ്യം

**ഡോ ഷിനു കെ എസ്**
അഡീഷണൽ ഡയറക്ടർ അഡ്മിനിസ്ട്രേഷൻ ആൻഡ് ട്രെയിനിങ്

**ഡോ സന്ദീപ് കെ**
അഡീഷണൽ ഡയറക്ടർ മെഡിക്കൽ&ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

**ശ്രീ ഡോമി ജെ**
സ്റ്റേറ്റ് മാസ്സ് എഡ്യുക്കേഷൻ & മീഡിയ ഓഫിസർ

**ശ്രീ വിനു എം ആർ**
പബ്ലിക്കേഷൻ അസിസ്റ്റന്റ്

ലേഖകരുടെ അഭിപ്രായങ്ങൾക്കുള്ള ഉത്തരവാദിത്തം അവർക്ക്മാത്രമായിരിക്കും

## എഡിറ്റോറിയൽ

**കാ**ലാവസ്ഥയിലെ മാറ്റങ്ങൾ ഇന്ന് ശാസ്ത്രജ്ഞരുടെ പഠനവിഷയം മാത്രമല്ല; അത് നമ്മുടെ ദിവസേന ജീവിതത്തെ നേരിട്ട് ബാധിക്കുന്ന യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. വേനൽക്കാലത്തെ അസഹ്യമായ ചൂട്, അനിശ്ചിതമായ മഴ, പ്രളയവും വരൾച്ചയുംഇവയെല്ലാം ചേർന്ന് മനുഷ്യാരോഗ്യത്തിന് മുന്നിൽ ഒരു നിശ്ശബ്ദ പ്രതിസന്ധി സൃഷ്ടിക്കുന്നു. ഈ മാറ്റങ്ങളെ വെറും പ്രകൃതിയുടെ സ്വാഭാവിക ചക്രമായി കാണുന്നത് ഇന്ന് അപകടകരമായ ഒരു ലഘുവായ സമീപനമാണ്.

ചൂട് കൂടുന്നതിന്റെ പ്രഭാവം നമ്മൾ നേരിട്ട് അനുഭവിക്കുന്നതാണ്. ഒരിക്കൽ അപൂർവ്വമായിരുന്ന ചൂടേറ്റം, ജലക്ഷയം തുടങ്ങിയ പ്രശ്നങ്ങൾ ഇപ്പോൾ സാധാരണ സംഭവങ്ങളായി മാറിയിരിക്കുന്നു. വയോധികരും കുട്ടികളും മാത്രമല്ല, യുവാക്കളും ഈ സമ്മർദ്ദത്തിൽ നിന്ന് രക്ഷപ്പെടുന്നില്ല. നഗരങ്ങളിലെ കോൺക്രീറ്റ് വനങ്ങൾ ഈ ചൂടിനെ കൂടുതൽ ശക്തമാക്കുകയും "ഹീറ്റ് ഐലൻഡ്" പ്രതിഭാസം ആരോഗ്യപ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു.

അതേസമയം, മഴയുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ മറ്റൊരു ഭീഷണിയാണ്. കുറഞ്ഞ സമയം കൊണ്ട് പെയ്യുന്ന അതിശക്തമായ മഴകൾ വെള്ളക്കെട്ടിനും അതുവഴി പകർച്ചവ്യാധികളുടെ വ്യാപനത്തിനും കാരണമാകുന്നു. ഡെങ്കിപ്പനി, ലെപ്റ്റോസ്പിറോസിസ് പോലുള്ള രോഗങ്ങൾ മഴക്കാലത്തിന്റെ സ്ഥിരം കൂട്ടുകാരായി മാറിയിരിക്കുന്നത് നമ്മളെ ആശങ്കപ്പെടുത്തുകയാണ്. ശുദ്ധജലത്തിന്റെ ലഭ്യത പോലും ചിലപ്പോഴൊക്കെ ചോദ്യംചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു.

വായു മലിനീകരണവും കാലാവസ്ഥാ മാറ്റവും തമ്മിലുള്ള ബന്ധം ഏറെ ഗുരുതരമാണ്. ശ്വാസകോശ രോഗങ്ങൾ, അലർജികൾ, ആസ്ത്മ എന്നിവയുടെ വർധനവിന് ഇത് വഴിവെക്കുന്നു. അതിനൊപ്പം, മാനസികാരോഗ്യവും ഈ പ്രതിസന്ധിയിൽ നിന്ന് ഒഴിവാകുന്നില്ല. പ്രളയം പോലുള്ള ദുരന്തങ്ങൾ സൃഷ്ടിക്കുന്ന മാനസിക സമ്മർദ്ദം, ഭയം, അനിശ്ചിതത്വം എന്നിവ ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. ഇതെല്ലാം ചേർന്ന് ഒരു കാര്യമാണ് വ്യക്തമാക്കുന്നത്കാലാവസ്ഥാ മാറ്റം ഇനി പരിസ്ഥിതി പ്രശ്നം മാത്രമല്ല; അത് ഒരു പൊതുജനാരോഗ്യ അടിയന്തരാവസ്ഥയാണ്. ഇതിനെ നേരിടാൻ വ്യക്തിപരമായ മുൻകരുതലുകൾ മാത്രം മതിയാകില്ല. സർക്കാർ തലത്തിൽ ശക്തമായ നയങ്ങളും, ആരോഗ്യ സംവിധാനങ്ങളുടെ ശക്തിപ്പെടുത്തലും, ശാസ്ത്രീയമായ മുന്നറിയിപ്പ് സംവിധാനങ്ങളും അനിവാര്യമാണ്.

അതിലുപരി, സമൂഹത്തിന്റെ സമീപനത്തിൽ തന്നെ മാറ്റം വരേണ്ട സമയമാണിത്. പ്രകൃതിയോട് കൂടുതൽ ഉത്തരവാദിത്തത്തോടെ പെരുമാറുക, പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകുക ഇവ ഇനി ഒരു തിരഞ്ഞെടുപ്പ് അല്ല, മറിച്ച് അനിവാര്യതയാണ്. കാലാവസ്ഥ മാറുകയാണ്. അതിനൊപ്പം നമ്മുടെ സമീപനവും മാറേണ്ടതുണ്ട്. ഇല്ലെങ്കിൽ, ഈ നിശ്ശബ്ദ പ്രതിസന്ധി നാളെ കൂടുതൽ ഗുരുതരമായ ആരോഗ്യ ദുരന്തമായി മാറാൻ സമയം അധികമെടുക്കില്ല.

### ഉള്ളടക്കം

| | |
|---|---|
| അരികെ | ഡോ.ബിപിൻ ഗോപാൽ |
| പ്രതിദിനം പ്രതിരോധം | ഡോ. റീത്ത കെ.പി |
| ക്ഷയരോഗം | ഡോ. ചിത്ര |
| ഇഴഞ്ഞെത്തുന്ന അപകടം | ഡോ. അജൻ എം.ജെ. |
| ആരോഗ്യ സന്ദേശങ്ങൾ ജനങ്ങളിലേക്ക് ..... | ശ്രീമതി. സുജ പി.എസ് |



**Dr.Bipin gopal**
Deputy director nvbdcp
State nodal officer NCD

# 'അരികെ'

# കേരളത്തിലെ സാന്ത്വന പരിചരണ പരിപാടി

ഒരിക്കൽ ഒരു പാലിയേറ്റീവ് കെയർ സംഗമത്തിൽ പ്രസംഗിക്കവേ ഒരു ചോദ്യം ശ്രോതാക്കളോട് ആയി ചോദിക്കപ്പെട്ടു 'നിങ്ങൾ ആരെങ്കിലും ഈശ്വരനെ കണ്ടിട്ടുണ്ടോ?' സദസ്സിന് ആദ്യം ഒരു അമ്പരപ്പ്, പിന്നീട് ആ ചോദ്യത്തിന്റെ  പൊരുൾ മനസ്സിലായി. പലരും കണ്ടിട്ടില്ല എന്നും, ചിലർ മനസ്സിലാണ് വിശ്വാസമെന്നും ,മറ്റുചിലർ ഇതൊരു മിത്താണെന്നും ഉള്ള മറുപടികൾ നൽകുകയുണ്ടായി. ഒടുവിൽ പ്രാസംഗികൻ തന്നെ അവരോടായി പറഞ്ഞു, നിങ്ങൾ ഒരു വർഷങ്ങളോളം ദീർഘസ്ഥായി രോഗങ്ങൾ കകാടിമപ്പെട്ട് കിടപ്പിലായ ഒരു പാലിയേറ്റീവ് കെയർ രോഗിയെ സന്ദർശിച്ചവരോട് ഈ ചോദ്യം ചോദിക്കുക. തീർച്ചയായും അവർ ഈശ്വരനെ കണ്ടിട്ടുണ്ടെന്ന് മറുപടി തരുന്നുണ്ടാവാം. ആരുടെയും പരിഗണന ലഭിക്കാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ ഒരു ഒരു വീടിൻറെ ഒഴിഞ്ഞ മൂലയിൽ വർഷങ്ങളോളം രോഗാവസ്ഥയിൽ കിടക്കുന്ന അവർക്ക് ഒരു സാന്ത്വനമായി പ്രതീക്ഷയുടെ ഒരു തിരിനാളവുമായി കടന്നുവരുന്ന ഒരു പാലിയേറ്റീവ് കെയർ നഴ്സ് അവരുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന ഒരു ഈശ്വര ചൈതന്യമാണ്. ഇതുപോലെ ഒരു സാന്ത്വന സ്പർശം ആഗ്രഹിച്ചു കഴിയുന്ന രണ്ട് ലക്ഷത്തോളം പാലിയേറ്റീവ് കെയർ രോഗികൾ നമ്മുടെ ചുറ്റുപാടും ഉണ്ട്. അവരിലേക്ക് ഈശ്വര ചൈതന്യമായി കടന്നു ചെല്ലുന്ന ആയിരക്കണക്കിന് പാലിയേറ്റീവ് കെയർ പ്രവർത്തകർ.

പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ ആവിർഭവത്തോടെയാണ് കേരളത്തിൽ പാലിയേറ്റീവ് പരിചരണ പ്രസ്ഥാനം ആരംഭിക്കുകയും ഗൃഹകേന്ദ്രികൃത പരിചരണം നൽകുന്നതിനുള്ള  സാന്ത്വനമേകാൻ അയൽ കണ്ണികൾ കേരളത്തിലുട നീളം രൂപം കൊണ്ടത്. അവരവരുടെ അയൽപക്കങ്ങളിലുള്ള ദിർഘകാല രോഗികളെയും മരണാസന്നരായ രോഗികളെയും പരിചരിക്കുന്നതിനായി പ്രാദേശിക സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുകയും കാര്യശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായി സാന്ത്വനപരിചരണ അയൽകൂട്ടം ശൃഖലകൾ ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിലവിലെ പ്രാഥമിക ആരോഗ്യ സേവന സംവിധാനങ്ങളുമായി സംയോജിപ്പിച്ചു കൊണ്ട് സാമൂഹിക പങ്കാളിത്തത്തിനും സന്നദ്ധ പ്രവർത്തനത്തിനും ഊന്നൽ നൽകി സന്നദ്ധ സംഘടനാപ്രവർത്തനത്തിലധിഷ്ഠിതമായ കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രസ്ഥാനം വളരെ പെട്ടെന്ന് തന്നെ  പൊതുജനാംഗീകാരവും രാഷ്ട്രിയ പിന്തുണയും ലഭിച്ചു. 2008 ലാണ് ആദ്യമായി കേരളത്തിൽ പാലിയേറ്റീവ്പരിചരണനയം പ്രഖ്യാ

പിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിലവിലെ പ്രാഥമിക ആരോഗ്യ സേവന സംവിധാനങ്ങളുമായി സംയോജിപ്പിച്ചു കൊണ്ട് സാമൂഹിക പങ്കാളിത്തത്തിനും സന്നദ്ധപ്രവർത്തനത്തിനും ഊന്നൽ നൽകി, പ്രത്യേകം നിയോഗിച്ച നഴ്സുമാരിലൂടെ പരിചരണം നൽകുന്നതാണ് കേരള മാതൃക.

2008 മുതൽ ദേശീയ ആരോഗ്യദൗത്യം (ആരോഗ്യകേരളം) പാലിയേറ്റീവ്കെയർ പ്രവർത്തനത്തിനുള്ള മാനവ വിഭവശേഷിയും ഫണ്ടുകളും നൽകി തുടങ്ങി. 2009-ൽ സംസ്ഥാനത്തെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ പാലിയേറ്റീവ്കെയർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഇറക്കുകയും ഇതിൽ 2012,2015,2018,2019 ലും ആവിശ്യമായ പരിഷ്കരണം വരുത്തുകയും ചെയ്തു.

കേരളത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മൂന്നു തലങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. ഗൃഹസന്ദർശനത്തിലൂടെ രോഗികൾക്ക് സാന്ത്വന പരിചരണം നൽകിവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തി വരുന്ന പ്രാഥമികതലം. ആശുപത്രികളെ കേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന സെക്കൻഡറി തലം ദേശീയാരോഗ്യ ദൗത്യത്തിന്റെ സഹായത്തോടെ നടത്തിവരുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തകർക്കുള്ള പരിശീലനങ്ങളും, മാർഗനിർദ്ദേശങ്ങളും തയ്യാറാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമാണ് തൃതീയതലത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തിക്കുന്നത്.

പ്രാഥമികതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റ നേതൃത്വത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം (പിഎച്ച്സി) വഴിയാണ് കിടപ്പിലായവർക്കും മറ്റു അവശതക്കൾ അനുഭവിക്കുന്ന രോഗികൾക്ക് പാലിയേറ്റീവ് പരിചരണം നൽകുന്നത്. പ്രത്യേക പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി നഴ്സമാർ പ്രാഥമികതലത്തിൽ ഗൃഹകേന്ദ്രീകൃത പരിചരണവും നൽകുന്നു. ഇത് കൂടാതെ ഔട്ട്പേഷ്യന്റ് സൗകര്യവും ഈ തലത്തിൽ ലഭ്യമാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ (പിഎച്ച്സി) മെഡിക്കൽ ഓഫീസർ പദ്ധതിയുടെ നടത്തിപ്പ് ഉദ്യോഗസ്ഥനാണ്. മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി നഴ്സ് വഴി പാലിയേറ്റീവ് പരിചരണം നൽകുന്ന ഓരോ രോഗിയെക്കുറിച്ചും അറിയുകയും ചെയുന്നു. തദ്ദേശസ്വയം ഭരണ-ആരോഗ്യ സ്ഥാപനങ്ങളിലെ പ്രതിനിധികൾ സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്ന പാലിയേറ്റീവ് മാനേജ്മെന്റ്കമ്മിറ്റി (പിഎംസി) പാലിയേറ്റീവ് പരിചരണ പ്രവർത്തനത്തെ സൂക്ഷ്മമായി വിലയിരുത്തുകയും ചെയ്യുന്നു. കേരളത്തിലെ 941ഗ്രാമപഞ്ചായത്തുകളും, 87 മുനിസിപ്പാലിറ്റികളും, 6 കോർപ്പറേഷനുകളിലുമായി,മികച്ച,രീതിയിൽ പ്രാഥമിക,പാലിയേറ്റീവ് പരിചരണം നൽകി വരുന്നു. നിലവിൽ കേരളത്തിലെ 1034 പ്രാഥമിക പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങളായി ഒരു ലക്ഷത്തിലധികം രോഗികൾക്ക് പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നൽകി വരുന്നു.

ദ്വിതീയതലത്തിൽ (സെക്കൻഡറി ലെവൽ) പാലിയേറ്റീവ് പരിചരണം രണ്ട്തലങ്ങളിലായി നടന്നു വരുന്നു. ഒന്ന് എൻഎച്ച്. എമ്മിന്റെ (ആരോഗ്യ കേരളം) പിന്തുണയോടെ ജില്ലയിലെ പ്രധാന ആശുപത്രികളിലൂടെ ഉള്ള (താലൂക്ക്/ ജനറൽ/ ജില്ലാ ആശുപത്രികൾ) പാലിയേറ്റീവ് പരിചരണം. പ്രാഥമികതലത്തിലെ പാലിയേറ്റീവ് പരിചരണത്തിൽ നിന്ന് റഫർ ചെയ്തു വരുന്ന സ്പെഷ്യലിസ്റ്റ് പരിചരണം ആവശ്യമുള്ള രോഗികൾ, മരണം ആസന്നമായ അർബുദ, കൊളോസ്റ്റമി, ട്രാക്കിയോസ്റ്റമി, എൻഡ്സ്റ്റേജ് സിസ്റ്റമിക്ഡിസീസ് തുടങ്ങിയ രോഗികൾക്കുള്ള പരിചരണമാണ് ഈ തലത്തിൽ നൽകുന്നത്. എൻ.എച്ച്. എം. വഴി നിയമിച്ച പാലിയേറ്റീവ് കെയറിൽ പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും പ്രത്യേക പരിശീലനം ലഭിച്ച സ്റ്റാഫ്നഴ്സിന്റെയും നേതൃത്വത്തിൽ ഗൃഹകേന്ദ്രീകൃത പരിചരണവും ആവശ്യമുള്ള രോഗികൾക്ക്സെക്കൻഡറി യൂണിറ്റുക്കളിൽ സ്പെഷ്യലിസ്റ്റ് ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ്സേവനങ്ങളും നൽകുന്നു. പാലിയേറ്റീവ്കെയറിൽ പരിശീലനം ലഭിച്ചമെഡിക്കൽ ഓഫീസർ മോർഫിൻ, മറ്റ്പാലിയേറ്റീവ് കെയർ മരുന്നുകൾ സെക്കൻഡറി ഒ.പി വഴി ആവശ്യമുള്ള രോഗികൾക്ക് നൽകുന്നു. ദ്വിതീയ യൂണിറ്റുകൾ പ്രാഥമിക പാലിയേറ്റീവ് പരിചരണ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പാലിയേറ്റീവ് പരിചരണത്തിലെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി ആവിശ്യമായ പരിശീലന പരിപാടിക്കൾ നടത്തുകയും ചെയ്യുന്നു. ഏകദേശം 164 ആശുപത്രികളിലൂടെ ദ്വിതീയതലത്തിലെ പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നൽകി വരുന്നു.

ദ്വിതീയതലത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലൂടെയും (സിഎച്ച്സി) പാലിയേറ്റീവ് പരിചരണം നൽകി വരുന്നു. വാർദ്ധക്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സാംക്രമികേതര രോഗം (എൻ.സി.ഡി.), മാനസികാരോഗ്യപ്രശ്നങ്ങൾ എന്നിവയുള്ള സ്പെഷ്യലിസ്റ്റ്പരിചരണം നൽകുന്നതിനായി 2017-18 മുതൽ 232 കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകളിലൂടെ ദീർഘകാല പാലിയേറ്റീവ് പരിചരണ പരിപാടികൾ ആരംഭിച്ചു. ഇതിനായി പാലിയേറ്റീവ് കെയറിൽ പരിശീലനം ലഭിച്ച ഒരു സ്റ്റാഫ്നഴ്സിനെയും, ഫിസിയോതെറാപ്പിസ്റ്റുകളെയും ഓരോ സി.എച്ച്. സികളിലും എൻ.എച്ച്. എം. വഴി നിയമിച്ചിട്ടുണ്ട്. ഈ യൂണിറ്റുക്കളിൽ ഗൃഹകേന്ദ്രികൃത പരിചരണത്തിൽ സ്പെഷ്യലിസ്റ്റ്നഴ്സിംഗ് കെയർ കൂടാതെ ഫിസിയോതെറാപ്പി സേവനങ്ങൾ ,സ്പെഷ്യൽ ഒ.പി. വഴി രോഗികൾക്ക് മരുന്നുകൾ, ഇൻപേഷ്യന്റ്കെയർ, പ്രാഥമികസേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പരിശീലനം എന്നിവ നൽകുന്നു.

പ്രൊഫഷണലുകൾക്കും (ഡോക്ടർമാർക്കും, നഴ്സുമാർക്കും), വിദ്യാർത്ഥികൾക്കും, സന്നദ്ധ പ്രവർത്തകർക്കും വേണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും തൃതീയതലത്തിലെ പാലിയേറ്റീവ് കെയർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ജില്ലയിലെ പ്രാഥമിക, ദ്വിതീയതലങ്ങളിലെ യൂണിറ്റുകളുടെ മൊത്തത്തിലുള്ള ഏകോപനം, നിരീക്ഷണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയുടെ ചുമതല തൃതീയയൂണിറ്റുകൾക്കാണ്. ഇതിനായി ഓരോ തൃതീയയൂണിറ്റിലും പരിശീലനം ലഭിച്ച മെഡിക്കൽ ഓഫീസർ, സ്റ്റാഫ്നഴ്സ്, കോ-ഓർഡിനേറ്റർ എന്നിവർ ഉൾക്കൊള്ളുന്ന സമിതി പ്രവർത്തിക്കുന്നു. കേരളത്തിലെ പതിനാല് ജില്ലകളിലും ഓരോ ത്രിതീയതലത്തിലുള്ള സാന്ത്വന പരിശീലന കേന്ദ്രങ്ങളുണ്ട്.

2019 പാലിയേറ്റീവ് കെയർ പുതുക്കി പുറത്തിറക്കുകയുണ്ടായി.പുതുക്കിയ പാലിയേറ്റീവ് കെയർ നയപ്രകാരം പാലിയേറ്റീവ് കെയർ സാർവത്രിക മാക്കുന്നതിനും പാലിയേറ്റീവ് കെയർ ആവശ്യമായി വരുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും അത് ഉറപ്പാക്കുന്നതിനും നയം വ്യക്തമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിന് പുറമെ, മെഡിക്കൽ കോളേജുകൾ, ആയുഷ് വിഭാഗം, ഹോമിയോ വിഭാഗം തുടങ്ങിയ വകുപ്പുകളെയും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും സാന്ത്വന പരിചരണ വിഭാഗം വികസിപ്പിക്കുന്നതിനും തീരുമാനിച്ചു. ആയുർവേദ, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ പാലിയേറ്റീവ്കെയർ സേവനങ്ങൾ നൽകാൻ തുടങ്ങിട്ടുണ്ട്. പ്രാഥമികതലത്തിൽ ആയുഷ് ഡോക്ടർമാർ ഗൃഹകേന്ദ്രികൃത പരിചരണത്തിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. ജില്ലകളിലെ പ്രധാന ആശുപത്രികളിൽ പ്രത്യേക സാന്ത്വന പരിചരണം ആവശ്യമുള്ളവർക്കുള്ള സേവനവും നൽകുന്നു .

ദീർഘസ്ഥായീരോഗങ്ങളാൽ ബുദ്ധിമുട്ടുന്ന രോഗികൾക്ക് മാനസിക-സാമൂഹിക പിന്തുണനൽകുന്ന നിരവധി എൻ.ജി.ഒ/സി.ബി.ഒ. സംഘടനകൾ (സന്നദ്ധ സംഘടനകൾ) കേരളത്തിൽ ഉണ്ട്. അവയിൽ 400 ഓളം എൻ.ജി.ഒ./സി.ബി.ഒ. സംസ്ഥാനത്ത് ഗൃഹകേന്ദ്രികൃത സാന്ത്വന പരിചരണ സേവനങ്ങൾ (സൈക്കോ-സോഷ്യൽ സപ്പോർട്ട്, നഴ്സിംഗ്, മെഡിക്കൽ കെയർ ) നൽകുന്നതിൽ പങ്കാളികളാണ്. സന്നദ്ധ സംഘടനയിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കും സർക്കാർ പരിശീലനവും സാങ്കേതിക പിന്തുണയും നൽകുന്നുണ്ട്. അവർ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ രോഗികളുടെ പരിചരണം മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. പാലിയേറ്റീവ്പരിചരണ മേഖലയിൽ പ്രൊഫഷണകൾക്ക് പരിശീലനത്തിലും ഗവേഷണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകളും സംസ്ഥാനത്ത് ഉണ്ട്.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് എത്തിക്കുന്നതിനായുള്ള 'കേരള കെയർ' എന്ന പാലിയേറ്റീവ് ഗ്രിഡിന് തുടക്കം കുറിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ കേരളത്തിലെ എല്ലാ പാലിയേറ്റീവ് കെയർ രോഗികളെയും ഗ്രിൽഡ്ലേക്ക് രജിസ്റ്റർ ചെയ്യുന്നതിനും അവർക്ക് സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സാധ്യമായിട്ടുണ്ട്. പാലിയേറ്റീവ് പരിചരണം നൽകിവരുന്ന വോളണ്ടിയർമാരെയും, സന്നദ്ധ സംഘടനകളെയും രജിസ്റ്റർ ചെയ്യുന്നതിനും ഈ ഗ്രിഡിലൂടെ സാധ്യമാകുന്നതാണ്. ഇത് പൂർണ്ണമായും പ്രവർത്തനസജ്ജമാകുമ്പോൾ കേരളത്തിലെ ഓരോ പാലിയേറ്റീവ് കെയർ രോഗിയെയും ഒരു വോളണ്ടിയർമാരുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നതാണ്. അതിലൂടെ ഓരോ രോഗിക്കും 24 മണിക്കൂറും സേവനം ഉറപ്പിക്കാൻ സാധിക്കുന്നതാണ്.



**Dr REETHA K.P**
**അഡീഷണൽ ഡയറക്ടർ**
**പൊതുജനാരോഗ്യം**

# പ്രതിദിനം പ്രതിരോധം

**1.പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിൽ ഹൈറിസ്ക്ക് ഏരിയകളുടെ കണ്ടെത്തൽ**

ഇതിനായി വാർഡ് തല ആരോഗ്യ പോഷണ സമിതി പുനഃസംഘാടനയോഗം ,വിവിധ വകുപ്പുകളുടെ ഏകീകരണത്തോടെ ,റെസിഡന്റ്സ് അസ്സോസിയേഷൻ ഭാരവാഹികൾ, വ്യാപാരി വ്യവസായി സംഘടനകൾ, കുടുംബശ്രീ,അങ്കണവാടി പ്രവർത്തകർ,സമൂഹത്തിലെ വിവിധമേഖലകളിൽ പ്രവർത്തിക്കുന്നവർ, എന്നിവരെ ഉൾക്കൊള്ളിച്ചുനടത്തുന്ന ആരോഗ്യ ജാഗ്രത സമ്മേളനം, ഹെൽത്ത് സ്ക്വാഡുകളുടെ രൂപീകരണം എന്നിവ നടത്തപ്പെടുന്നു.

പൊതുജന പങ്കാളിത്തം പൂർണമായി പകർച്ച വ്യാധി നിയന്ത്രണ പരിപാടികളുടെ നടത്തിപ്പിനായി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്ന തരത്തിലാണ് ആസൂത്രണം നടപ്പിലാക്കുന്നത് .

**2. പഞ്ചായത്ത് തലത്തിൽ മുഴുവനും ഹൈ റിസ്ക് ഏരിയകളിൽ പ്രത്യേകമായും മഴക്കാലപൂർവ്വ ഉറവിട നശീകരണ പ്രവർത്തനങ്ങൾ**

ഇതിനായി ആരോഗ്യ പ്രവർത്തകരുടെയും,ആശാവോളന്റിയർമാരുടെയും നേതൃത്വത്തിൽ ഹെൽത്ത് സ്ക്വാഡ് രൂപികരിക്കുന്നു.50 വീടുകൾക്ക് ഒരു സ്ക്വാഡ് എന്ന നിലക്കാണ് ഉറവിടനശീകരണപ്രവർത്തനങ്ങൾ നടത്തുന്നത്. ഉറവിടനശീകരണ പ്രവത്തനങ്ങൾക്കുശേഷം പ്രവത്തന അവലോകനവും നടത്തുന്നുണ്ട് (പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും കൃത്യമായ ഇടവേളകളിൽ )

**3. കൃത്യമായ ഡ്രൈഡേ (ഉണക്ക് ദിന )** നിരീക്ഷണം സ്കൂളുകളിലും വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങളിലും വെള്ളിയാഴ്ച ദിവസങ്ങളിലും ,സർക്കാർ,അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ശനിയാഴ്ച ദിവസങ്ങളിലും,ഭവനങ്ങളിൽ ഞായറാഴ്ച്ചയും ഉണക്കുദിനം (ഡ്രൈഡേ)നിരീക്ഷണം നടത്തുന്നു.കൊതുകു ജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിനായി ഉറവിട നശീകരണ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം നൽകുന്നതിനായി ഈ പ്രവത്തനങ്ങൾ പ്രയോജനപ്പെടുന്നു. ഉറവിടനശീകരണ പ്രവർത്തങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് വിദ്യർത്ഥികളിൽ ബോധവൽകരണം നടത്തുകയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു

**5.സ്ഥാപനങ്ങൾക്കുംവാണിജ്യസ്ഥലങ്ങൾക്കും നൽകേണ്ടുന്ന പ്രത്യേക ശ്രദ്ധ**

ജൈവ അജൈവ മാലിന്യസംസ്കരണം ഹരിതകർമ സേന മുഖാന്തിരം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി പ്രത്യേക നിരീക്ഷണം ഗ്രാമപഞ്ചയത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു.നിയമലംഘനം നടത്തുന്നന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നു .

**6.ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്തു വിപണനം നടത്തുന്ന സ്ഥാപനങ്ങളിൽ നിരീക്ഷണം**

ഹെൽത്തി കേരള എന്നപേരിൽ എല്ലാമാസവും രണ്ടാമത്തെ ചൊവ്വാഴ്ച്ചകളിൽ വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങളിലും /വൃദ്ധസദനങ്ങളിലും ,മൂന്നാമത്തെചൊവ്വാഴ്ച്ചകളിൽഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്തു വിപണനം നടത്തുന്ന സ്ഥാപനങ്ങളിലും പരിശോധന നടത്തുന്നു .മതിയായ രീതിയിൽ പ്രവത്തിക്കാത്ത സ്ഥാപനങ്ങൾക്ക് പൊതുജനാരോഗ്യ നിയമ പ്രകാരമുള്ള നടപടികൾ

കൈക്കൊള്ളുന്നു

**7.ശാസ്ത്രീയമായ കൊതുകു സാന്ദ്രതാ പഠനം (വെക്റ്റർ സ്റ്റഡി )**

കൊതുകുജന്യരോഗനിയന്ത്രണത്തിന്റെ ഭാഗമായി സാന്ദ്രതാ പഠനം നടത്തുകയും സാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ഊർജ്ജിത ഉറവിടനശീകരണം നടപ്പാക്കുകയും ചെയ്യുന്നു.റബ്ബർ തോട്ടങ്ങളിലും ആക്രി വ്യാപാരസ്ഥാപനങ്ങളിലും കൃത്യമായ പരിശോധന നടത്തുന്നു .

**8 ജലജന്യരോഗങ്ങൾക്കെതിരെ ജാഗ്രത**

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന സ്കൂളുകൾ,അങ്കണവാടികൾ,പൊതുസ്ഥാപനങ്ങൾ,പൊതുകിണറുകൾ എന്നിവിടങ്ങളിൽ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നു. സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി ലഭ്യമാക്കുന്നതിന് പരിശോധനഫലം നിർബന്ധമാക്കിയിട്ടുണ്ട്

ജലജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പൊതുകിണറുകൾ സ്ഥാപനങ്ങൾ ,ഭവനങ്ങൾ എന്നിവ ക്രമമായ ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നു.ജലജന്യരോഗങ്ങൾ അധികമായി റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സൂപ്പർ ക്ലോറിനേഷൻ ചെയ്യുന്നു.കൂടാതെ പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായിആരോഗ്യ സ്ഥാപനങ്ങൾ കൂടാതെ അംഗനവാടികളിലും ,തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും ഓ.ആർ. ടി കോർണറുകൾ പ്രവർത്തിക്കുന്നു. ഓ.ആർ.എസ് &സിങ്ക് ഗുളികകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നു . മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി റെസിഡന്റ്സ് അസ്സോസിയേഷൻ ഭാരവാഹികൾ,വിവിധ ക്ലബ്ബുകൾ,കുടുംബശ്രീ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ മാസ്സ് ക്ലോറിനേഷനും സംഘടിപ്പിക്കുന്നു.

**9. എലിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി അപകടസാധ്യതയുള്ള വിഭാഗങ്ങൾക്ക്(തൊഴിലുറപ്പു തൊഴിലാളികൾ,കർഷകർ,ക്ഷീരകർഷകർ) പ്രതിരോധ മരുന്നുകൾ നൽകുന്നു ബോധവൽക്കരണം സംഘടിപ്പിക്കുന്നു**

**10. അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങൾ/ ക്യാമ്പുകൾ എന്നിവിടങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നു**

# ആരോഗ്യ ജാഗ്രത കലണ്ടർ 2026

| | | |
|---|---|---|
| ഏപ്രിൽ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ഏപ്രിൽ | എലിപ്പനി, ചെള്ളുപനി പ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ.<br>ബോധവത്ക്കരണ പരിപാടികൾ | ഏപ്രിൽ – ജൂലൈ |
| ഏപ്രിൽ | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവലോകനം | ഏപ്രിൽ |
| ഏപ്രിൽ | കിണറുകൾ, ടാങ്കുകൾ തുടങ്ങിയവ കൊതുക കടക്കാതെ അടച്ചുസൂക്ഷിച്ചു എന്ന് ഉറപ്പ് വരുത്തുക | ഏപ്രിൽ |
| ഏപ്രിൽ | ജില്ലാതല പൊതുജനാരോഗ്യ സമിതി യോഗം, ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ – അസാർ) & ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം | ഏപ്രിൽ ആദ്യവാരം |
| ഏപ്രിൽ | ആരോഗ്യജാഗ്രതാ അവലോകന യോഗങ്ങൾ | ഏപ്രിൽ 6 – 10 |

| | | |
|---|---|---|
| ഏപ്രിൽ | ലോകാരോഗ്യ ദിനാചരണം | ഏപ്രിൽ 7 |
| ഏപ്രിൽ | ഈഡിസ് കൊതുകിന്റെ പ്രധാന ഉറവിടങ്ങളും വരണ്ട ഉറവിടങ്ങളും കണ്ടെത്തി നീക്കം ചെയ്യുന്ന പരിപാടി | ഏപ്രിൽ 8 – 13 |
| ഏപ്രിൽ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്ക വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ഏപ്രിൽ 10 – 25 |
| ഏപ്രിൽ | ആരോഗ്യ സ്ഥാപന/ആശുപത്രി ശുചീകരണം | ഏപ്രിൽ 13 |
| ഏപ്രിൽ | സ്ഥാപനങ്ങളിൽ ശുചീകരണം | ഏപ്രിൽ 13 |
| ഏപ്രിൽ | വീടുകളിൽ ശുചീകരണം | ഏപ്രിൽ 13 |
| ഏപ്രിൽ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ഏപ്രിൽ 13 |
| ഏപ്രിൽ | സംസ്ഥാനതല പൊതുജനാരോഗ്യ സമിതി യോഗം & ടാസ്ക് ഫോഴ്സ് യോഗം | ഏപ്രിൽ 16 – ന് മുൻപ് |
| ഏപ്രിൽ | ജലദൗർലഭ്യം ഉള്ള സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ ബോധവത്ക്കരണ ക്യാമ്പെയിൻ (ജലജന്യ രോഗങ്ങൾ, കൊതുകുജന്യ രോഗങ്ങൾ) | ഏപ്രിൽ 17 – 18 |
| ഏപ്രിൽ | ഹെൽത്തി കേരള പരിശോധന – ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന | ഏപ്രിൽ 21 |
| ഏപ്രിൽ | അഗ്നി സുരക്ഷാ വാരാചരണം | ഏപ്രിൽ 21 – 25 |
| ഏപ്രിൽ | തോട്ടങ്ങളിലേയ്ക്ക് നീങ്ങാം പരിപാടി | ഏപ്രിൽ 23, 24 |
| ഏപ്രിൽ | ചികിത്സാ മാർഗരേഖ – സർക്കാർ/സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങൾ/ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ ഉണ്ടെന്ന് ഉറപ്പാക്കുക. | ഏപ്രിൽ 24 – 27 |
| ഏപ്രിൽ | ലോക മലമ്പനി ദിനാചരണം | ഏപ്രിൽ 25 |
| ഏപ്രിൽ | Pandemic prepareness mockdrill | ഏപ്രിൽ 27 – മെയ് 02 |
| ഏപ്രിൽ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ഏപ്രിൽ അവസാന വാരം |

| | | |
|---|---|---|
| ഏപ്രിൽ | പൊതുസ്ഥല ശുചീകരണ പരിപാടി | ഏപ്രിൽ 29, 30 |
| ഏപ്രിൽ | ലോക പ്രതിരോധ ചികിത്സാ വാരാചരണം | ഏപ്രിൽ അവസാന വാരം |
| മെയ് | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| മെയ് | ആന്റിവെനം, IDRV, മരുന്നുകൾ, ORS, ബ്ലീച്ചിംഗ് പൗഡർ, മറ്റ് അവശ്യ സാധനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ | മെയ് |
| മെയ് | തദ്ദേശ സ്വയംഭരണ സ്ഥാപനതല ക്ലാസ്സ്<br>ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതി – MG NREG മേറ്റ് & ഹരിതകർമ്മസേന<br>ഡോക്സി പ്രൊഫൈലാക്സിസ് | മെയ് |
| മെയ് | ദുരന്ത നിവാരണ തയ്യാറെടുക്കൽ<br>(പ്രവർത്തനങ്ങൾ പേജ് നമ്പർ 18–23 വരെ ഉൾപ്പെടുത്തിയിട്ടുണ്ട്.) | മെയ് 02 – 14 |
| മെയ് | Resensitisation of all staff on pre-mansoon preparedness (online/Offline) | മെയ് 02 – 15 |
| മെയ് | മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകന യോഗവും തുടർ പ്രവർത്തനങ്ങളുടെ ആസൂത്രണവും (തദ്ദേശ സ്വയംഭരണ സ്ഥാപനതലം) | മെയ് 5 –11 |
| മെയ് | സ്ഥാപനങ്ങൾ/പൊതുസ്ഥലങ്ങൾ/പൊതു ജലാശയങ്ങൾ എന്നിവയുടെ ശുചീകരണ പ്രവർത്തനം | മെയ് 7 –11 |
| മെയ് | നഗര പ്രദേശങ്ങളിൽ ഊർജ്ജിത സാംക്രമിക രോഗപ്രതിരോധ നിയന്ത്രണ പരിപാടി | മെയ് 8 – 14 |
| മെയ് | അംഗനവാടി ജീവനക്കാരുടെ പ്രൊജക്ട്തല യോഗത്തിൽ ക്ലാസ്സ് – പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം | മെയ് 11 – 20 |
| മെയ് | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്ക വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | മെയ് 11 – 25 |
| മെയ് | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | മെയ് 12 |

| | | |
|---|---|---|
| മെയ് | സ്കൂൾ സന്ദർശനം – ശുചീകരണം, ക്ലോറിനേഷൻ എന്നിവ ഉറപ്പാക്കൽ | മെയ് 15 – 30 |
| മെയ് | ദേശീയ ഡെങ്കിപ്പനി ദിനാചരണം | മെയ് 16 |
| മെയ് | നിപ്പ വൈറസ് – പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>ആശുപത്രികളിൽ അണുനശീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പരിശീലനം. | മെയ് 18 – 21 |
| മെയ് | ഹെൽത്തി കേരള പരിശോധന – ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന. | മെയ് 19 |
| മെയ് | ഗാർഹിക/പൊതുസ്ഥല ഉറവിട നശീകരണ പ്രവർത്തനങ്ങളും ഈഡിസ് കൊതുകുസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ സംയോജിത കൊതുക നിയന്ത്രണവും | മെയ് 20, 21, 22 |
| മെയ് | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | മെയ് അവസാന വാരം |
| മെയ് | ജല ശുദ്ധീകരണ (ക്ലോറിനേഷൻ)/ബോധവത്ക്കരണ പരിപാടി | മെയ് 29 – ജൂൺ 10 |
| മെയ് | ലോക പുകയില രഹിത ദിനം | മെയ് 31 |
| മെയ് | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| മെയ് | സംസ്ഥാന/ജില്ലാ/പ്രാദേശിക പൊതുജനാരോഗ്യ സമിതി യോഗങ്ങൾ | മെയ് 31-ന മുൻപ് |
| ജൂൺ | ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരണം – സ്കൂളുകളിൽ വെള്ളിയാഴ്ച, സ്ഥാപനങ്ങളിൽ ശനിയാഴ്ച, വീടുകളിൽ ഞായറാഴ്ച | പ്രതിവാരം |
| ജൂൺ | STOP DIARRHOEA Campaign പ്രവർത്തനങ്ങൾ | ജൂൺ – ആഗസ്റ്റ് |
| ജൂൺ | മലമ്പനി വിരുദ്ധ മാസാചരണം | ജൂൺ |
| ജൂൺ | സ്കൂൾ പി.ടി.എ. യോഗങ്ങളിൽ പകർച്ചവ്യാധി പ്രതിരോധം/ WIFS പ്രോഗ്രാം ബോധവത്ക്കരണ ക്ലാസ്സ് | ജൂൺ |

| | | |
|---|---|---|
| ജൂൺ | ആരോഗ്യ സ്ഥാപനങ്ങളിലെ OP waiting area-ൽ പകർച്ചവ്യാധി പ്രതിരോധ ബോധവത്ക്കരണ സന്ദേശങ്ങളുടെ Print/TV/PA system സന്ദേശം ഉറപ്പാക്കൽ | ജൂൺ |
| ജൂൺ | രോഗ നിരീക്ഷണം, നിയന്ത്രണം, ചികിത്സ, ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ, തുടങ്ങിയവ ഊർജ്ജിതപ്പെടുത്തുന്നു | ജൂൺ 1 മുതൽ |
| ജൂൺ | യുവജാഗരൺ - സ്കൂൾ /കോളേജ് വിദ്യാർത്ഥികൾക്കുള്ള | ജൂൺ - ജൂലൈ |
| ജൂൺ | ലോക പരിസ്ഥിതി ദിനം | ജൂൺ 5 |
| ജൂൺ | തദ്ദേശസ്വയംഭരണ സ്ഥാപനതല പൊതുജനാരോഗ്യ സമിതി യോഗം &<br>ഏകാരോഗ്യ സമിതി യോഗം (പക്ഷിപ്പനി, ജപ്പാൻ ജ്വരം, വെസ്റ്റ്നൈൽ ഫീവർ, കാലാ - അസാർ) | ജൂൺ രണ്ടാം വാരം |
| ജൂൺ | ഒ.ആർ.ടി. വാരാചരണം | ജൂൺ രണ്ടാം വാരം |
| ജൂൺ | ഹെൽത്തി കേരള പരിശോധന<br>അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ശുചിത്വ പരിശോധന | ജൂൺ 09 |
| ജൂൺ | അതിദാരിദ്ര്യമുക്ത കുടുംബാംഗങ്ങൾക്കു വേണ്ടിയുള്ള JAK/UHWC തല സ്ക്രീനിംഗ് ക്യാമ്പ് | ജൂൺ 10 - 26 |
| ജൂൺ | കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ പ്രവർത്തനങ്ങൾ | ജൂൺ 12, 15 |
| ജൂൺ | ഹെൽത്തി കേരള പരിശോധന - ഭക്ഷണശാലകളിൽ ശുചിത്വ പരിശോധന. | ജൂൺ 16 |
| ജൂൺ | അന്തർദേശീയ യോഗാ ദിനം | ജൂൺ 21 |
| ജൂൺ | ലോക ലഹരി വിരുദ്ധ ദിനം | ജൂൺ 26 |
| ജൂൺ | തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ & മൈഗ്രന്റ് സ്ക്രീനിംഗ് | ജൂൺ അവസാന വാരം |




**Dr Chithra L R**
Assistant Surgeon,
Microbiologist in charge
Intermediate Reference Laboratory
State TB Cel


# ക്ഷയരോഗം: നിർമാർജ്ജനത്തിലേക്ക്

**മൈ**കോബാക്ടീരിയം ട്യൂബർക്കുലോസിസ് എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ക്ഷയരോഗം (ടിബി), മനുഷ്യചരിത്രത്തിലെ ഏറ്റവും വിനാശകരവുമായ പകർച്ചവ്യാധികളിൽ ഒന്നായി തുടരുന്നു. ഇത് ഒഴിവാക്കാവുന്നതണെങ്കിലും, ആഗോളതലത്തിൽ മരണത്തിന്റെ പ്രധാന കാരണങ്ങളിലൊന്നായി ക്ഷയരോഗം തുടരുന്നു. എല്ലാ വർഷവും 10 ദശലക്ഷത്തിലധികം ആളുകൾ ടിബി ബാധിച്ച് രോഗബാധിതരാകുന്നു, കൂടാതെ 1 ദശലക്ഷത്തിലധികം ആളുകൾ ഈ രോഗം മൂലം മരിക്കുന്നു,2030 ആകുമ്പോഴേക്കും ആഗോള ടിബി പകർച്ചവ്യാധി അവസാനിപ്പിക്കാൻ അടിയന്തര നടപടി ആവശ്യമാണ്, ഐക്യരാഷ്ട്രസഭയിലെ എല്ലാ അംഗരാജ്യങ്ങളും ലോകാരോഗ്യ സംഘടനയും അംഗീകരിച്ച ഒരു ലക്ഷ്യമാണിത്.

2024ൽ ആഗോളതലത്തിൽ 10.7 ദശലക്ഷം ആളുകൾ (9.9 –11.5 ദശലക്ഷം) ടിബി ബാധിച്ചതായി കണക്കാക്കപ്പെടുന്നു, കൂടാതെ 1.23 ദശലക്ഷം പേർ ഈ രോഗം മൂലം മരിച്ചു (1.13–1.33 ദശലക്ഷം). ക്ഷയരോഗ നിരക്ക് (100,000 ജനസംഖ്യയിൽ കേസുകൾ) 131 ആയിരുന്നു കൂടാതെ കേസുകളുടെ മരണനിരക്ക് 11.5% ആയിരുന്നു.

ഓരോ വർഷവും ടിബി രോഗം ബാധിക്കുന്നവരിൽ ഭൂരിഭാഗവും ഉയർന്ന ടിബി ബാധിതരായ 30 രാജ്യങ്ങളിലാണ്: 2024ൽ ആഗോളതലത്തിൽ ആകെയുള്ളതിന്റെ 87% ഈ രാജ്യങ്ങളിലാണ്. ലോകത്തിലെ TB ഏറ്റവും കൂടിയ എട്ട് (67%) രാജ്യങ്ങൾ ഇന്ത്യ (25%), ഇന്തോനേഷ്യ (10%), ഫിലിപ്പീൻസ് (6.8%), ചൈന (6.5%), പാകിസ്ഥാൻ (6.3%), നൈജീരിയ (4.8%), ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ (3.9%), ബംഗ്ലാദേശ് (3.6%) എന്നിവയായിരുന്നു. 2024ൽ, ടിബി ബാധിച്ചവരിൽ 54% പുരുഷന്മാരും 35% സ്ത്രീകളും 11% കുട്ടികളുമായിരുന്നു.

ഇന്ത്യയിൽ, 1962ലെ NTCP-ൽ നിന്ന് ആരംഭിച്ച്, 1997ലെ RNTCP DOTS വഴി TB നിയന്ത്രണത്തിന് ശക്തമായ അടിസ്ഥാനമായി. 2006ലെ DOTS Plus, 2012ലെ Ni-kshay, 2014ലെ STCI, 2016ലെ FDC, 2017ലെ ബെഡാക്വിലിൻ, 2018ലെ ഡെലാമാനിഡ് എന്നിവ TB നിയന്ത്രണത്തിൽ പ്രധാന ഘട്ടങ്ങളായിരുന്നു. 2020ൽ ആരംഭിച്ച NTEP, 2030-ഓടെ TB ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

1962ലെ NTCPൽ നിന്ന് ആരംഭിച്ച്, 1997ലെ RNTCP DOTS വഴി TB നിയന്ത്രണത്തിന് ശക്തമായ അടിസ്ഥാനമായി. 2006ലെ DOTS പ്ലസ് ചികിത്സ, 2012 ലെ നിക്ഷയ് , 2014ലെ STCI, 2016ലെ FDC ചികിത്സ

, 2017ലെ ബെഡാക്വിലിൻ മരുന്നു ഉപയോഗിച്ചുള്ള ചികിത്സ, 2018ലെ ഡെലാമാനി ഡ്മരുന്നു ഉപയോഗിച്ചുള്ള ചികിത്സ, എന്നിവ TB നിയന്ത്രണത്തിൽ പ്രധാന ഘട്ടങ്ങളായിരുന്നു. 2020ൽ ആരംഭിച്ച NTEP, 2030ഓടെ TB ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

ഇന്ത്യയിലെ ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ 1962ൽ ആരംഭിച്ച ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (NTCP) വഴിയാണ് തുടക്കം കുറിച്ചത്. ഈ പരിപാടി BCG വാക്സിനേഷൻ, എക്സ് റേ അടിസ്ഥാനത്തിലുള്ള രോഗനിർണയം, സ്ട്രെപ്റ്റൈമസിൻ, ഐസോണിയാസിഡ് പോലുള്ള മരുന്നുകൾ ഉപയോഗിച്ചുള്ള ചികിത്സ എന്നിവയിൽ കേന്ദ്രീകരിച്ചിരുന്നു. ജില്ലാ തലത്തിൽ കേന്ദ്രീകൃതമായിരുന്ന NTCP, രോഗികളെ കണ്ടെത്തി ചികിത്സ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നെങ്കിലും, രോഗവ്യാപനം തടയുന്നതിൽ പര്യാപ്തമായ ഫലങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ല.

NTCPയുടെ പരിമിതികൾ പരിഗണിച്ച്, 1997ൽ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP) ആരംഭിച്ചു. ലോകാരോഗ്യ സംഘടന ശുപാർശ ചെയ്ത DOTS (Directly Observed Treatment, Short-course) തന്ത്രം ഇന്ത്യയിൽ നടപ്പിലാക്കി. ഇതിലൂടെ Designated Microscopy Cetnres (DMCs) സ്ഥാപിക്കുകയും, കഫ പരിശോധന മുഖേന രോഗനിർണയം നടത്തുകയും, ബഹുമരുന്ന് അടിസ്ഥാനത്തിലുള്ള ചുരുങ്ങിയ കാല ചികിത്സ TB യൂണിറ്റ് തലത്തിൽ തന്നെ സൗജന്യമായി നൽകുകയും ചെയ്തു. 2006ൽ DOTS Plus/PMDT (Programmatic Management of Drug Resistant TB) ആരംഭിച്ച്, 2012ഓടെ രാജ്യവ്യാപകമായി വ്യാപിപ്പിച്ചു.

തുടർന്ന്, 2012ൽ Ni-kshay portal ആരംഭിച്ച്, രോഗികളെ കേസുകൾ അടിസ്ഥാനമാക്കിയുള്ള അറിയിപ്പ് സംവിധാനം വഴി നിരീക്ഷിക്കാൻ സൗകര്യം ഒരുക്കി. TB-യെ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും അറിയിക്കേണ്ട രോഗം (Notifiable disease) ആയി പ്രഖ്യാപിച്ചു. 2014ൽ ഇന്ത്യയിലെ TB പരിചരണ മാനദണ്ഡങ്ങൾ (STCI) രൂപപ്പെടുത്തിയതും, 2016ൽ ദിവസേന ഭാരപ്രകാരം മരുന്ന് കൂട്ടിച്ചേർക്കൽ (Fixed Dose Combination – FDC) അവതരിപ്പിച്ചതും, 2017ൽ ബെഡാക്വിലിൻ, 2018ൽ ഡെലാമാനിഡ് പോലുള്ള പുതിയ മരുന്നുകൾ ഉൾപ്പെടുത്തിയതും TB നിയന്ത്രണത്തിൽ വലിയ മുന്നേറ്റങ്ങളായിരുന്നു. TB ഇല്ലാതാക്കാനുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിനായി, 2020ൽ RNTCPനെ “ദേശീയ ക്ഷയരോഗ നിർമാർജ്ജന പരിപാടി (NTEP) എന്ന് പുനർനാമകരണം ചെയ്തു.



Figure 2.1: Organogram of NTEP

## ക്ഷയരോഗത്തിന്റെ ചരിത്രം

ക്ഷയരോഗം പുരാതനകാലം മുതൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു രോഗമാണ്. 1882ൽ റോബർട്ട് കോച്ചിന്റെ കണ്ടെത്തലിലൂടെ ശാസ്ത്രീയമായി ഉറപ്പിക്കപ്പെട്ടതോടെ, പരിശോധനകളും ചികിത്സകളും വികസിച്ചു,

മൈകോബാക്ടീരിയം ജനുസ്സ് ഏകദേശം 150 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ഉത്ഭവിച്ചതാണെന്ന് കരുതുന്നു. BC 2400ലെ ഈജിപ്ഷ്യൻ മമ്മികളിൽ ക്ഷയരോഗത്തിന്റെ അസ്ഥികൂട വൈകല്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യ (3300 വർഷം മുമ്പ്) ചൈന (2300 വർഷം മുമ്പ്) എന്നിവിടങ്ങളിൽ ടിബിയെ കുറിച്ചുള്ള ആദ്യ രേഖകൾ ലഭ്യമാണ്. പെറുവിയൻ മമ്മികളിൽ പോട്ട്സ് രോഗത്തിന്റെ തെളിവുകളും കണ്ടെത്തിയിട്ടുണ്ട്.

16ാം നൂറ്റാണ്ടിൽ ഗിരോലാമോ ഫ്രാക്കസ്റ്റോറോ ടിബിയുടെ പകർച്ചവ്യാധി സ്വഭാവം നിർവചിച്ചു. 17ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് സിൽവിയസ് രോഗത്തിന്റെ ശരീരഘടനാപരമായ വിവരണം നൽകി. 1720ൽ ബെഞ്ചമിൻ മാർട്ടൻ ടിബിയുടെ അണുബാധാ സ്വഭാവം അനുമാനിച്ചു.

18ാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ യൂറോപ്പിൽ ടിബി വ്യാപകമായി പടർന്നു; യുവാക്കളിൽ മരണ

നിരക്ക് വളരെ ഉയർന്നിരുന്നു. വ്യാവസായിക വിപ്ലവകാലത്ത് തിരക്കേറിയ താമസസ്ഥലങ്ങൾ, പോഷകാഹാരക്കുറവ്, മോശം ജോലി സാഹചര്യങ്ങൾ എന്നിവ രോഗവ്യാപനത്തിന് കാരണമായി.

1779ൽ സർ പെർസിവാൾ പോട്ട് ടിബി മൂലമുള്ള വെർട്ടിബ്രൽ തകർച്ചയെ "പോട്ട്സ് രോഗം" എന്ന് നിർവചിച്ചു. 19ാം നൂറ്റാണ്ടിൽ ഹെർമൻ ബ്രെഹ്മർ സാനിറ്റോറിയം ചികിത്സ അവതരിപ്പിച്ചു.

1882 മാർച്ച് 24ന് റോബർട്ട് കോച്ച് ട്യൂബർക്കിൾ ബാസിലസിനെ വേർതിരിച്ചെടുത്തു; ഇതിലൂടെ ടിബിയുടെ കാരണമെന്താണെന്ന് ശാസ്ത്രീയമായി തെളിയിച്ചു. തുടർന്ന് മാന്റൂക്സ് ടെസ്റ്റ്, BCG വാക്സിൻ, സ്ട്രെപ്റ്റോമൈസിൻ തുടങ്ങിയ ചികിത്സാ മാർഗങ്ങൾ വികസിച്ചു. കോച്ചിന്റെ കണ്ടെത്തലുകൾക്ക് 1905ൽ നോബൽ സമ്മാനം ലഭിച്ചു.

ക്ഷയരോഗത്തിന്റെ ആരോഗ്യ, സാമൂഹിക, സാമ്പത്തിക പ്രത്യാഘാതങ്ങളെ കുറിച്ച് പൊതുജനാവബോധം ഉയർത്തുന്നതിനും ആഗോള ക്ഷയരോഗ വ്യാപനം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി 1982 മുതൽ മാർച്ച് 24 ലോക ക്ഷയരോഗ ദിനമായി ആചരിക്കപ്പെടുന്നു. ടിബിക്ക് കാരണമാകുന്ന ബാക്ടീരിയ

## മൂന്ന് തരം മൈകോബാക്ടീരിയങ്ങളുണ്ട്.

1) കുഷ്ഠരോഗത്തിന് കാരണമാകുന്ന മൈകോബാക്ടീരിയം ലെപ്രേ;

2) പൾമണറി, എക്സ്ട്രാ പൾമണറി ടിബി എന്നിവ ഉത്പാദിപ്പിക്കുന്ന മൈകോബാക്ടീരിയം ട്യൂബർക്കുലോസിസ് കോംപ്ലക്സ് (മൈകോബാക്ടീരിയം ട്യൂബർക്കുലോസിസ്, മൈകോബാക്ടീരിയം ആഫ്രിക്കാനം, മൈകോബാക്ടീരിയം ബോവിസ്, മൈകോബാക്ടീരിയം കാപ്രേ മുതലായവ);

3) വെള്ളത്തിലും മണ്ണിലും എല്ലായിടത്തും കാണപ്പെടുന്ന അറ്റിപിക്കൽ മൈകോബാക്ടീരിയ.

മൈകോബാക്ടീരിയം ട്യൂബർക്കുലോസിസ് കോംപ്ലക്സ് ബാക്ടീരിയകളാണ് ക്ഷയരോഗത്തിന് കാരണമാകുന്നത്. ഈ ഗ്രൂപ്പിൽ 11 ബാക്ടീരിയകളുണ്ട്. മൈകോബാക്ടീരിയം ട്യൂബർക്കുലോസിസ് കോംപ്ലക്സ് (MTBC) ഗ്രൂപ്പിലെ 11 സ്പീഷീസുകളാണ് ക്ഷയരോഗത്തിന് കാരണമാകുന്നത്. ഇതിൽ M. tuberculosis മനുഷ്യരിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്, M. bovis സൂനോട്ടിക് TBയ്ക്ക് കാരണമാകുന്നു, മറ്റു സ്പീഷീസുകൾ പ്രത്യേക പ്രദേശങ്ങളിലോ വന്യജീവികളിലോ രോഗം സൃഷ്ടിക്കുന്നു.

## MTBC അംഗങ്ങൾ (11 സ്പീഷീസ്)

- M. tuberculosis – ലോകമെമ്പാടുമുള്ള മനുഷ്യ ക്ഷയരോഗത്തിന്റെ പ്രധാന കാരണം
- M. africanum – പശ്ചിമാഫ്രിക്കയിലെ മനുഷ്യ ക്ഷയം
- M. bovis – സൂനോട്ടിക് ടിബി (കന്നുകാലികൾ ? മനുഷ്യർ); BCG വാക്സിന്റെ അടിസ്ഥാനം
- M. microti – എലികൾ; ഇടയ്ക്കിടെ മനുഷ്യരിലും
- M. caprae – ആടുകളും കന്നുകാലികളും
- M. pinnipedii – സീലുകളും കടൽ സിംഹങ്ങളും
- M. canettii – അപൂർവ മനുഷ്യ കേസുകൾ; ജനിതക വൈവിധ്യം കൂടുതലുള്ളത്
- M. mungi – മംഗൂസുകൾ
- M. orygis – ഓറിക്സ്, കന്നുകാലികൾ, മനുഷ്യർ (ദക്ഷിണേഷ്യ)
- M. suricattae – മീർകാറ്റുകൾ
- Dassie bacillus – റോക്ക് ഹൈറാക്സ് (Procavia capensis); വന്യജീവി ടിബി

## ട്യൂബെർക്കുലോസിസ് : പകർച്ചയും രോഗത്തിലേക്കുള്ള പുരോഗതിയും

രണ്ട് തരം ടിബി ഉണ്ട് ശ്വാസകോശത്തെ ബാധിക്കുന്ന പൾമണറി, ശരീരത്തിന്റെ മറ്റു ഭാഗങ്ങളെ (നഖം, മുടി എന്നിവ ഒഴികെ) ബാധിക്കുന്ന എക്സ്ട്രാ പൾമണറി ടിബി.

പൾമണറി ടിബി വായുവിലൂടെയാണ് പടരുന്നത്. ഒരു പൾമണറി ടിബി രോഗി ചുമയ്ക്കുമ്പോഴും ചിരിക്കുമ്പോഴും തുമ്മുമ്പോഴും സംസാരിക്കുമ്പോഴുംട്യൂബർക്കിൾ ബാക്ടീരിയ വായിൽ നിന്ന് എയറോസോൾസ് അല്ലെങ്കിൽ ഡ്രോപ്ലെറ്റ് ന്യൂക്ലിയസുകൾ എന്നറിയപ്പെടുന്ന സൂക്ഷ്മ കണികകളായി പുറത്തുവന്ന് വായുവിനെ മലിനമാക്കും. ഒരു സാധാരണ വ്യക്തി ഇത് ശ്വസിക്കുമ്പോൾ, ബാക്ടീരിയ മൂക്കിലൂടെ പ്രവേശിച്ച് ശ്വാസകോശത്തിലെ ചെറിയ പ്രവർത്തന യൂണിറ്റായ അൽവിയോളിയിൽ എത്തുന്നു. മിക്ക ആളുകളിലും, ആൽവിയോളിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ബാക്ടീരിയ മരിക്കുന്നു; ചില ആളുകളിൽ ഈ ബാക്ടീരിയ ആൽവിയോളിയിൽ എത്തുകയും പ്രതികരണത്തിന് കാരണമാവുകയും ചെയ്യുന്നു, പ്രതിരോധശേഷി ശക്തമാണെങ്കിൽ, ആൽവിയോളിയിൽ ബാക്ടീരിയ കൊല്ലപ്പെടും. ചില ആളുകളിൽ, ഈ ടിബി ബാക്ടീരിയയ്ക്ക് ആൽവിയോളിയിൽ വർഷങ്ങളോളം പെരുകാതെ നിലനിൽക്കാൻകഴിയും, ഇതിനെ ടിബി അണുബാധ എന്ന് വിളിക്കുന്നു.

ലോകജനസംഖ്യയുടെ നാലിലൊന്ന് ഭാഗവും മൈകോബാക്ടീരിയം ട്യൂബർകുലോസിസ് അണുബാധ (ടിബി ഇൻഫെക്ഷൻ ) ബാധിച്ചിട്ടുണ്ടെന്ന് പഠനങ്ങൾ കാണിക്കുന്നു.

ടിബി അണുബാധയുള്ളവരിൽ 5–10% പേർക്ക് മാത്രമേ ജീവിതകാലത്ത് സജീവ ക്ഷയരോഗംപിടിപെടുകയുള്ളൂ, ചില വ്യക്തികളിൽ, ശരീരത്തിന്റെ പ്രതിരോധശേഷി ബാക്ടീരിയയെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയാത്തതിനാൽ ടിബി ബാക്ടീരിയ വർധിച്ച് രോഗത്തിലേക്ക് മാറാൻ സാധ്യത കൂടുതലാണ്. ഇവയിൽ പ്രധാനപ്പെട്ടവർ:

- പോഷകാഹാരക്കുറവുള്ളവർ
- പ്രമേഹരോഗികൾ
- വയോജനങ്ങൾ
- എച്ച്ഐവി ബാധിതർ (PLHIV/CLHIV)
- പുകവലിക്കുന്നവർ
- മദ്യപാനികൾ

എക്സ്ട്രാ പൾമണറി ട്യൂബെർക്കുലോസിസ്:

ചിലരിൽ, ടിബി അണുബാധയ്ക്ക് ശേഷം, ടിബി ബാക്ടീരിയ ശരീരത്തിലൂടെ സഞ്ചരിച്ച് ശരീരത്തിന്റെ മറ്റ് ചില ഭാഗങ്ങളിൽ എത്തി അവിടെ തങ്ങിനിൽക്കുന്നു, പ്രത്യേകിച്ച് ലിംഫ് നോഡുകൾ, പ്രതിരോധശേഷി കുറയുകയാണെങ്കിൽ ആ സ്ഥലത്ത് ടിബിക്ക് കാരണമാകും.

കന്നുകാലികളിൽ ക്ഷയരോഗത്തിന് കാരണമാകുന്ന മൈകോബാക്ടീരിയം ബോവിസ് എന്ന ബാക്ടീരിയ, രോഗബാധിതമായ പശുവിന്റെ പാൽ കുടിക്കുന്നതിലൂടെ മനുഷ്യരിലേക്ക് പകരാം, ഇത് കുടൽ ക്ഷയരോഗത്തിന് കാരണമാകും. വായുവിലൂടെയല്ലാതെ മറ്റൊരു രോഗബാധാ രീതിയും മൈകോബാക്ടീരിയം ട്യൂബർകുലോസിസിന് രേഖപ്പെടുത്തിയിട്ടില്ല.

## ക്ഷയരോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ

1. 2 ആഴ്ചയോ അതിലധികമോ നീണ്ടുനിൽക്കുന്ന ചുമ
2. രാത്രികാല വിയർപ്പുകൾ
3. ജ്വരം
4. കാരണമറിയാത്ത ഭാരം കുറയൽ
5. കഫത്തിൽ രക്തം കാണുക
6. വിശപ്പില്ലായ്മ
7. പനി, നെഞ്ചുവേദന
8. തുടർച്ചയായ ക്ഷീണം അല്ലെങ്കിൽ ദുർബലത
9. ശ്വാസംമുട്ടൽ
10. ലിംഫ് ഗ്രന്ഥികളുടെ വീക്കം (കഴുത്ത് മുതലായിടങ്ങളിൽ കഴല വീക്കം)

## ടിബി രോഗ കണ്ടെത്തൽ

**മൂന്ന് രീതികളിലൂടെയാണ് ടിബി രോഗ കണ്ടെത്തൽ**

1) പാസ്സീവ് നിഷ്ക്രിയ കേസ് കണ്ടെത്തൽ: രോഗലക്ഷണമുള്ള ആളുകൾ ഡോക്ടറുടെ കൺസൾട്ടേഷനും പരിശോധനയ്ക്കുമായി ആശുപത്രിയിൽ വരുന്നു

2) ആക്റ്റീവ് കേസ് കണ്ടെത്തൽ: ഫീൽഡ് ഹെൽത്ത് സ്റ്റാഫ് രോഗലക്ഷണമുള്ള ആളുകളെ ഫീൽഡിൽ നിന്ന് കണ്ടെത്തി രോഗം സ്ഥിരീകരിക്കുന്നതിനായി സാമ്പിളുകൾ ശേഖരിക്കുന്നു.

3) ഇന്റെൻസിഫൈഡ് കേസ് കണ്ടെത്തൽ: ദുർബലരായ ഗ്രൂപ്പ് ആളുകളെ (വ്യത്യസ്ത രീതികളാൽ പ്രതിരോധശേഷി കുറഞ്ഞവർ) രോഗലക്ഷണങ്ങളോടെയോ അല്ലാതെയോ ഒരു നിശ്ചിത കാലയളവിൽ പരിശോധിക്കും.

## ടിബി രോഗ നിർണയം

ടിബിയെ കൃത്യമായി തിരിച്ചറിയുന്നത് രോഗനിയന്ത്രണത്തിനും ചികിത്സാ വിജയത്തിനും സമൂഹത്തിൽ രോഗവ്യാപനം കുറയ്ക്കുന്നതിനും നിർണായകമാണ്. ദേശീയ ക്ഷയരോഗ നിർമാർജ്ജന പരിപാടി (NTEP) പ്രകാരം, രോഗനിർണയം ക്രമബദ്ധമായ രീതിയിൽ നടപ്പിലാക്കപ്പെടുന്നു. ഇതിൽ രോഗികളെ കണ്ടെത്തൽ, അനുയോജ്യമായ സാമ്പിളുകൾ ശേഖരണം, സമയബന്ധിത പരിശോധനകൾ നടത്തൽ, സ്ഥിരീകരിച്ച രോഗികൾക്ക് ചികിത്സയും തുടർപരിശോധനകളും ഉറപ്പാക്കൽ, കൂടാതെ Nikshay portal വഴി വിവരങ്ങൾ രേഖപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു.

ശ്വാസകോശ ടിബി രോഗനിർണയത്തിൽ കഫ സാമ്പിൾ ശേഖരണം ഏറ്റവും പ്രധാനമാണ്, കാരണം ഭൂരിഭാഗം കേസുകളും ശ്വാസകോശവുമായി ബന്ധപ്പെട്ടതാണ്. ഉയർന്ന നിലവാരമുള്ള കഫ സാമ്പിളുകൾ കൃത്യമായ രോഗനിർണയത്തിന് നിർണായകമാണ്, നിലവാരമില്ലാത്ത സാമ്പിളുകൾ തെറ്റായ ഫലങ്ങൾക്കും രോഗവ്യാപനത്തിനും കാരണമാകാം. നിലവിൽ TRUENAT/CBNAAT പരിശോധനയാണ് ശുപാർശ ചെയ്യപ്പെടുന്നത്, ഇതിന് രാവിലെ ശേഖരിച്ച കഫ സാമ്പിൾ ഏറ്റവും

അനുയോജ്യമാണ്. ടിബി സ്ഥിരീകരിച്ച എല്ലാ രോഗികളിലും, ആരംഭ ഘട്ടത്തിൽ തന്നെ മരുന്നുകളോട് പ്രതിരോധം ഉണ്ടോ എന്ന് കണ്ടെത്താൻ; ആദ്യം CBNAAT/Truenat ഉപയോഗിച്ച് Rifampicin പ്രതിരോധം പരിശോധിക്കുകയും, തുടർന്ന് കിഡ്യോഷരശമലേ Reference Laboratory, തിരുവനന്തപുരം അല്ലെങ്കിൽ Culture and Drug susceptibiltiy laboratory, കോഴിക്കോട് ലാബുകളിൽ, മറ്റ് മരുന്നുകളോടുള്ള പ്രതിരോധം പരിശോധിക്കുകയും ചെയ്യുന്നു. ഈ ലക്ഷ്യത്താൽ, മരുന്ന് പ്രതിരോധമുള്ള ടിബി രോഗികളെ നേരത്തെ കണ്ടെത്തി, ചികിത്സാ പരാജയം ഒഴിവാക്കുകയും, Drug Resistant TB രോഗവ്യാപനം കുറയ്ക്കുകയും, മികച്ച ചികിത്സാഫലങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതാണ്.

## നിലവിലെ പരിശോധന ക്രമം

1. സിബി നാറ്റ് / ട്രൂ നാറ്റ് : രോഗ ലക്ഷണങ്ങൾ ഉള്ള വ്യക്തികളുടെ സാമ്പിൾ ആദ്യം തന്നെ ഈ ടെസ്റ്റുകൾക്കു വിധേയമാക്കണം.

2. ഇതിൽ രോഗം കണ്ടെത്തിയാൽ, സാമ്പിൾ, അടുത്ത ദിവസം തന്നെ മറ്റു ഉയർന്ന ടെസ്റ്റിനു വേണ്ടി Intermediate Reference Laboratory(IRL), തിരുവനന്തപുരം അല്ലെങ്കിൽ Culture and Drug susceptibiltiy laboratory, കോഴിക്കോട് ലാബിൽ അയക്കേണ്ടതാണ്. കോഴിക്കോട്, വയനാട് ജില്ലയിൽ ഉള്ള സാമ്പിൾ കോഴിക്കോട് ലാബിലും, ബാക്കി 12 ജില്ലകളിൽ നിന്നുള്ള സാമ്പിൾ തിരുവനന്തപുരം ലാബിലും ഇന്ത്യ പോസ്റ്റൽ ഡിപ്പാർട് മെന്റ് വഴി എത്തിക്കുന്നു. ഈ ലാബുകളിൽ ഉയർന്ന ടെസ്റ്റുകളായ: Line probe assay, culture, മരുന്നുകളോടുള്ള പ്രതിരോധം പരിശോധിക്കുകയും ചെയ്യുന്നു. രാജ്യത്തു വളരെ കുറച്ചു ലാബുകളിൽ ചെയ്യുന്ന പരിശോധനകൾ പോലും കേരളത്തിൽ IRL ലാബിൽ ചെയ്തുകൊണ്ടിരിക്കുന്നു. ടിബി കൾച്ചറിനും ഡിഎസ്ടിക്കും വേണ്ടി കേരളത്തിൽ അംഗീകൃത ലാബുകൾ ഐആർഎൽ തിരുവനന്തപുരം, സിഡിഎസ്ടി കോഴിക്കോട് എന്നിവയാണ്. ടിബി കൾച്ചറിനും ഡിഎസ്ടിക്കും സ്വകാര്യ ലാബുകൾ ഉൾപ്പെടെ മറ്റ് ലാബുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

NTEP ലബോറട്ടറി പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരിശീലനങ്ങൾ, സ്വകാര്യ, പൊതു മേഖലകളിലെ എല്ലാ ടിബി പരിശോധനാ ലാബുകളും ഐആർഎൽ നിരീക്ഷിക്കുന്നു. എല്ലാ ലബോറട്ടറികളുടെയും മേൽനോട്ടവും ബാഹ്യ ഗുണനിലവാര ഉറപ്പും ഐആർഎൽ നടത്തുന്നു.

കേരള സംസ്ഥാനത്തെ ഇന്റർമീഡിയറ്റ് റഫറൻസ് ലബോറട്ടറി, ചെന്നൈയിലെ നാഷണൽ റഫറൻസ് ലബോറട്ടറികളിൽ ഒന്നായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ഇൻ ട്യൂബർകുലോസിസ് (എൻഐആർടി) നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു, ഇത് തെക്കുകിഴക്കൻ ഏഷ്യയ്ക്കുള്ള സൂപ്പർ നാഷണൽ റഫറൻസ് ലബോറട്ടറി (എസ്എൻആർഎൽ) ആണ്. എല്ലാ സർക്കാർ, സ്വകാര്യ നാറ്റ് സൈറ്റുകളുടെയും ഇകൃഎ ബാംഗ്ലൂരിലെ നാഷണൽ ട്യൂബർകുലോസിസ് സെന്ററാണ് ഉറപ്പാക്കുന്നത്.

## ക്ഷയരോഗ ചികിത്സ

ഇന്ത്യയിലെ ദേശീയ ക്ഷയരോഗ നിർമാർജ്ജന പരിപാടി (NTEP) പ്രകാരം ചികിത്സാ രീതികൾ മരുന്നിനോട് പ്രതികരണശേഷിയുള്ള ക്ഷയരോഗം (Drug Sensitive TB) രോഗികൾക്കും മരുന്നിനോട് പ്രതിരോധമുള്ള ക്ഷയരോഗം (Drug Resistant TB) രോഗികൾക്കും വ്യത്യസ്തമാണ്. മരുന്നിനോട് പ്രതികരണശേഷിയുള്ള രോഗികൾക്ക് സാധാരണയായി ആറുമാസത്തെ സ്ഥിരമായ ചികിത്സയാണ് നൽകുന്നത്. ആദ്യ രണ്ട് മാസത്തെ തീവ്രഘട്ടത്തിൽ ഐസോണിയാസിഡ്, റിഫാംപിസിൻ, പൈറസിനാമൈഡ്, എഥാംബ്യൂട്ടോൾ എന്നിവ ചേർന്ന മരുന്നുകൾ നൽകുകയും, തുടർന്ന് നാലുമാസത്തെ തുടർച്ചാഘട്ടത്തിൽ ഐസോണിയാസിഡ്, റിഫാംപിസിൻ, എഥാംബ്യൂട്ടോൾ എന്നിവ നൽകുകയും ചെയ്യുന്നു. രോഗിയുടെ ഭാരപ്രകാരം ക്രമീകരിച്ച സ്ഥിരമായ മരുന്ന് കൂട്ടിച്ചേർക്കൽ (Fixed Drug Combination) രൂപത്തിലാണ് മരുന്നുകൾ നൽകുന്നത്. മരുന്നിനോട് പ്രതിരോധമുള്ള ക്ഷയരോഗം (Drug Resistant TB) രോഗികൾക്ക് ചികിത്സാ ദൈർഘ്യം കൂടുതലായിരിക്കും. റിഫാംപിസിൻ പ്രതിരോധമുള്ള രോഗികൾക്കും, ബഹുമരുന്ന് പ്രതിരോധമുള്ള (MDR-TB) രോഗികൾക്കും, വ്യാപകമായി പ്രതിരോധമുള്ള (XDR-TB) രോഗികൾക്കും പ്രത്യേകമായ മരുന്ന് കൂട്ടിച്ചേർക്കലുകൾ നൽകുന്നു. ഇപ്പോൾ ഇന്ത്യയിൽ WHO ശുപാർശ ചെയ്ത ചുരുങ്ങിയ കാല ചികിത്സാ പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ ബെഡാക്വിലിൻ, പ്രീറ്റോമാനിഡ്, ലൈനസൊലൈഡ്, മോക്സിഫ്ളോക്സാസിൻ എന്നിവ ഉൾപ്പെടുന്നു. ചില രോഗികൾക്ക് 18–20 മാസത്തോളം ദൈർഘ്യമുള്ള ചികിത്സ ന

ൽകേണ്ടിവരും, അതിൽ ലെവോഫ്ളോക്സാസിൻ/ മോക്സിഫ്ളോക്സാസിൻ, ലൈനസൊലൈഡ്, ക്ലോഫാസിമിൻ, സൈക്ലോസെറൈൻ, എഥാംബ്യൂട്ടോൾ, പൈറസിനാമൈഡ്, കൂടാതെ ഡെലാമാനിഡ്, പ്രീറ്റോമാനിഡ് പോലുള്ള പുതിയ മരുന്നുകളും ഉൾപ്പെടുന്നു.

ചികിത്സയുടെ ദൈർഘ്യം രോഗിയുടെ രോഗാവസ്ഥയും മരുന്ന് പ്രതിരോധവും അനുസരിച്ച് വ്യത്യാസപ്പെടുന്നു. മരുന്നിനോട് പ്രതികരണശേഷിയുള്ള രോഗികൾക്ക് ആറുമാസത്തെ ചികിത്സ മതിയാകുമ്പോൾ, പ്രതിരോധമുള്ള രോഗികൾക്ക് ആറുമാസം മുതൽ ഇരുപത് മാസത്തോളം ദൈർഘ്യമുള്ള ചികിത്സ ആവശ്യമാണ്. സ്ഥിരമായ മരുന്ന് കൂട്ടിച്ചേർക്കൽ (FDC) രോഗിയുടെ മരുന്ന് പാലനം മെച്ചപ്പെടുത്താനും തെറ്റായ ഡോസിംഗ് ഒഴിവാക്കാനും സഹായിക്കുന്നു. ഐആർഎൽ, സിഡിഎസ്ടി എന്നിവിടങ്ങളിലെ വിവിധ പരിശോധനകളിലൂടെ, രോഗിയുടെ മരുന്ന് പ്രതിരോധം നേരത്തെ തിരിച്ചറിയുന്നത്, ചികിത്സാ പരാജയം ഒഴിവാക്കാനും, പ്രതിരോധമുള്ള ക്ഷയരോഗത്തിന്റെ വ്യാപനം കുറയ്ക്കാനും, മികച്ച ചികിത്സാഫലങ്ങൾ ഉറപ്പാക്കാനും സഹായിക്കുന്നു.

## ക്ഷയരോഗ പ്രതിരോധം

ക്ഷയരോഗ പ്രതിരോധം വ്യക്തിഗത ശീലങ്ങൾ നിയന്ത്രിക്കുന്നതിൽ നിന്ന് ആരംഭിച്ച്, സമൂഹതലത്തിലുള്ള പരിശോധനയും ചികിത്സയും, ആശുപത്രികളിലെ വായുവിലൂടെ പകരുന്ന രോഗങ്ങൾ നിയന്ത്രിക്കുന്ന നടപടികളും ഉൾപ്പെടുത്തി സമഗ്രമായ രീതിയിൽ നടപ്പിലാക്കപ്പെടുന്നു.

ക്ഷയരോഗം തടയുന്നതിനുള്ള പ്രധാന തന്ത്രങ്ങൾ വ്യക്തിഗത തലത്തിലും സമൂഹ തലത്തിലും നടപ്പിലാക്കപ്പെടുന്നു. പൊതുജനങ്ങളിൽ രോഗബോധവൽക്കരണം, ലക്ഷണങ്ങൾ തിരിച്ചറിയൽ, സമയബന്ധിത പരിശോധന, രോഗികളെ നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിക്കൽ എന്നിവയാണ് അടിസ്ഥാന ഘടകങ്ങൾ. പോഷകാഹാരക്കുറവ്, പുകവലി, മദ്യപാനം, എച്ച്ഐവി പോലുള്ള രോഗങ്ങൾ എന്നിവ ക്ഷയരോഗത്തിന് അപകടസാധ്യത വർധിപ്പിക്കുന്നതിനാൽ, ഇവയെ നിയന്ത്രിക്കുന്നതും പ്രതിരോധത്തിന്റെ ഭാഗമാണ്.

സമൂഹ തലത്തിൽ, രോഗവ്യാപനം തടയാൻ സമ്പർക്ക പരിശോധന (contact tracing), BCG വാക്സിനേഷൻ, Nikshay portal വഴി രോഗികളുടെ നിരീക്ഷണം, പോഷകാഹാര സഹായം എന്നിവ നടപ്പിലാക്കുന്നു. രോഗികളെ ചികിത്സയിൽ തുടർച്ചയായി നിലനിർത്തുന്നത്, ചികിത്സാ പരാജയം ഒഴിവാക്കുന്നത്, മരുന്ന് പ്രതിരോധമുള്ള ക്ഷയരോഗം (Drug Resistant TB) കുറയ്ക്കുന്നത് എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ആശുപത്രികളിലും ആരോഗ്യസ്ഥാപനങ്ങളിലും വായുവിലൂടെ പകരുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ (Airborne Infection Cotnrol) നിർണായകമാണ്. . എല്ലാ ടിബി രോഗികളും പൊതുസ്ഥലങ്ങളിൽ വരുമ്പോൾ മാസ്ക് ധരിക്കേണ്ടത് നിർബന്ധമാണ്. രോഗികളെ വേർതിരിച്ച് ചികിത്സിക്കുക, പ്രത്യേകിച്ച് MDR/XDR-TB രോഗികൾക്കായി നെഗറ്റീവ് പ്രഷർ ഐസൊലേഷൻ മുറികൾ ഒരുക്കുക, N95 മാസ്കുകൾ ആരോഗ്യപ്രവർത്തകർക്ക് നൽകുക, ശ്രദ്ധാപൂർവ്വമായ വെന്റിലേഷൻ സംവിധാനം ഉറപ്പാക്കുക, UV ജർമിസൈഡൽ ലാമ്പുകൾ ഉപയോഗിച്ച് വായു ശുദ്ധീകരണം നടത്തുക എന്നിവയാണ് പ്രധാന രീതികൾ. കൂടാതെ, ആരോഗ്യപ്രവർത്തകർക്ക് സ്ഥിരമായ പരിശീലനം നൽകുകയും, രോഗികളുമായി നേരിട്ട് ഇടപെടുമ്പോൾ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ (PPE) ഉപയോഗിക്കുകയും ചെയ്യുന്നത് രോഗവ്യാപനം തടയാൻ സഹായിക്കുന്നു.

ക്ഷയരോഗം ഇല്ലാതാക്കുന്നതിൽ ടിബി ഇൻഫെക്ഷൻ ചികിത്സ നിർണായക പങ്ക് വഹിക്കുന്നു. ക്ഷയരോഗബാധിതരിൽ സുഷുപ്ത ക്ഷയരോഗം (TB infection) കണ്ടെത്തി ചികിത്സ നൽകുന്നത്, രോഗം സജീവ ക്ഷയരോഗമായി മാറുന്നത് തടയാൻ സഹായിക്കുന്നു. ഇതിലൂടെ രോഗബാധിതർക്ക് രോഗം പ്രകടമാകാതെ തന്നെ നിയന്ത്രണം സാധ്യമാകുകയും, സമൂഹത്തിൽ പുതിയ രോഗവ്യാപനം കുറയ്ക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് എച്ച്ഐവി ബാധിതർ, കുട്ടികൾ, മുതിർന്നവർ, പോഷകാഹാരക്കുറവുള്ളവർ, പ്രതിരോധശേഷി കുറഞ്ഞവർ തുടങ്ങിയ അപകടസാധ്യതയുള്ള വിഭാഗങ്ങളിൽ ടിബി ഇൻഫെക്ഷൻ ചികിത്സ നൽകുന്നത്, ക്ഷയരോഗം ഇല്ലാതാക്കലിന് വലിയ സംഭാവനയാണ്. സുഷുപ്ത ക്ഷയരോഗം ചികിത്സിക്കുന്നതിലൂടെ ഭാവിയിൽ സജീവ ക്ഷയരോഗം കുറയുകയും, രോഗവ്യാപനം തടയുകയും, മരുന്ന് പ്രതിരോധമുള്ള ക്ഷയരോഗം (Drug Resistant TB) ഉണ്ടാകുന്നത് കുറയുകയും ചെയ്യുന്നു. ഇതുവഴി ദേശീയവും ആഗോളവുമായ ക്ഷയരോഗ നിർമാർജ്ജന ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്നു.




**Dr Ajan maheswaran jaya**
MD Community Medicine, FETP NCD ICMR NIE,
Assistant Director Medical and Hospital Administration
State Nodal officer at DHS for One health, Snake bite prevention,
e office, IT, Kerala health system improvement programme
Nodal officer for Trauma and Burns at NHM
Directorate of Health Services




# ഇഴഞ്ഞെത്തുന്ന അപകടം

പാമ്പുകളും അവയാലുള്ളവിഷ ബാധയുംചരിത്രപരമായിതന്നെ ലോകമെമ്പാടും ഒരു പ്രധാനപൊതുജനാരോഗ്യവെല്ലുവിളിയാണ്.മനുഷ്യനേക്കാളുംനേരത്തെ ഉൽഭവിച്ച് നമ്മളുമായി ഇഴകിചേർന്ന് പോകുന്നതാണ് പാമ്പുകളുടെ ചരിത്രം.പാമ്പുകടിഎന്നത്ജീവന്ഭീഷണിയുണ്ടാക്കുന്നതായമെഡിക്കൽഎമർജൻസി എന്നതിനോടൊപ്പം സാമൂഹിക ചുറ്റുപാടുകൾകാരണം ഒരു സാമൂഹിക എമർജൻസി എന്ന രീതിയിലും കാണാവുന്നതാണ്.ഉഷ്ണമേഖലാപ്രദേശങ്ങളിലെയുംഉപഉഷ്ണമേഖലാപ്രദേശങ്ങളിലെയുംഗ്രാമീണജനങ്ങളെബാധിക്കുന്നഒരുപൊതുജനാരോഗ്യവെല്ലുവിളിയായിട്ടാണ് ഇതിനെ കണക്കാക്കിയിരുന്നതെങ്കിലും ഇന്ന് നഗര ഗ്രാമീണ ഭേദമെന്യേ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായി ഇത് വളർന്നിട്ടുണ്ട്.

ആഗോളതലത്തിൽ മനുഷ്യ-വന്യജീവിസംഘർഷത്തിന്റെപ്രധാനരൂപങ്ങളിൽ ഒന്നായപാമ്പുകടി, അവയുടെ എണ്ണത്തിൽ മറ്റ്വന്യജീവികളിൽ നിന്നുള്ളമരണങ്ങളെയുംആക്രമണങ്ങളെയുംമറികടക്കുന്നു. നാം ദൃശ്യ മാധ്യമങ്ങൾ വഴി കേൾക്കാറുള്ള

പാമ്പു വിഷബാധയെ തുടർന്നുണ്ടാകുന്ന മരണങ്ങളെ കുറിച്ചുള്ള വാർത്തകൾ പലപ്പോഴും നമ്മളിൽ ഞെട്ടലുണ്ടാക്കുന്നതും മനസിനെ വിഷമിപ്പിക്കുന്നതുമാണ് .ഉഷ്ണമേഖലാപ്രദേശങ്ങളിലെകന്നുകാലികളുടെനാശത്തിനുംപാമ്പുകടിയാലുള്ള വിഷബാധ ഒരുപ്രധാനകാരണമാണ്.

ലോകമെമ്പാടുംഏകദേശം 4,000 ഇനംപാമ്പുകളുള്ളതിൽ 350 ലധികംഇനംഇന്ത്യയിൽ കാണപ്പെടുന്നുണ്ട്. അതിൽ 52 വിഷമുള്ളതോനേരിയവിഷമുള്ളതോ ആയ ഇനങ്ങൾ ഉൾപ്പെടുന്നു. ഇന്ത്യയിലെ വിഷപാമ്പുകടിയുടെഭൂരിഭാഗവുംബിഗ് 4 ഇനങ്ങളായ (ഇന്ത്യൻ മൂർഖൻ), ബംഗാരസ്സെറൂലിയസ് (കോമൺ ക്രെയ്റ്റ്), ഡബോയറുസ്സെലി (റസ്സൽസ്വൈപ്പർ), എക്കിസ്കാരിനാറ്റസ് (സോസ്കെയിൽഡ്വൈപ്പർ) എന്നിവയാലാണ്. തെക്ക്-കിഴക്കൻഏഷ്യൻമേഖലവിഷമുള്ളപാമ്പുകളുടെജൈവവൈവിധ്യഹോട്ട്സ്പോട്ടാണ്, കൂടാതെലോകത്തിലെഏറ്റവുംസാന്ദ്രതയുള്ളകാർഷികസമൂഹങ്ങളുടെആവാസകേന്ദ്രംകൂടിയായഈ മേഖലയിലെപാമ്പുകടിമൂലമുള്ളമരണത്തിന്റെ നിരക്ക്ആഗോളപാമ്പുകടിമരണത്തിന്റെ 70% വരും.

പാമ്പുകടികൾമിക്കപ്പോഴുംആകസ്മികമാണ്, കൂടുതലുംപുറംതൊഴിലിൽ ഏർപ്പെടുന്നവ്യക്തികളിലാണ്സംഭവിക്കുന്നതെങ്കിലുംവീട്ടിനുള്ളിൽ സംഭവിക്കുന്ന പാമ്പുകടികൾ വിരളമല്ല . ലോകമെമ്പാടുംപ്രതിവർഷം, 4.5 മുതൽ 5.4 ദശലക്ഷംവരെപാമ്പുകടിയേറ്റവരുണ്ട്, അതിന്റെഫലമായിഅവയിൽ പകുതിയോളംപേർക്ക്വിഷബാധ എൽക്കുന്നു.ചുരുക്കത്തിൽ പറഞ്ഞാൽ എല്ലാ പാമ്പുകളും വിഷമുള്ളതല്ല എല്ലാ വിഷ പാമ്പുകളുടെ കടിയും വിഷമുള്ളതാവണമെന്നില്ല. എന്നാൽ ഇത് സമയബന്ധിതമായി തിരിച്ചറിയുകയും ചികിൽസലഭിക്കുക്യുമാണ് പ്രധാനം. ആയതിനാലാണ് 81,000 – 1,38000 **(estimate)** മരണങ്ങളുംകൂടാതെ 400,000 മറ്റ് കോംപ്ലിക്കേഷനുകളോഉണ്ടാകുന്നത്. കൂടാതെ ഈ കണക്കുകളിൽഗണ്യമായഅണ്ടർ-റിപ്പോർട്ടിംഗ് ഉള്ളതായും ആയതിനാൽ തന്നെ യഥാർത്ഥതോത് ഇതിലും കൂടുതലാകാൻസാധ്യതയുണ്ട് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു . പാമ്പ് കടിയേൽക്കുന്നവരിൽപലരുംപരമ്പരാഗതരോഗചികിൽസാസംബ്രദായങ്ങളിൽനിന്ന്പരിചരണംതേടുകയോആശുപത്രികളിൽഎത്തുന്നതിനുമുമ്പ്മരിക്കുകയോചെയ്യുന്നു, പ്രത്യേകിച്ച് പിന്നാക്കം നിൽക്കുന്നപ്രദേശങ്ങളിൽ.

മനുഷ്യരുംമൃഗങ്ങളും തമ്മിലുള്ള കോൺഫ്ലികറ്റുകളിലെ ഒരു പ്രധാനിയാണെങ്കിലും, തടയാൻ കഴിയുമെങ്കിലും മറ്റ് പ്രശ്നങ്ങളോളം ഒരു വാർത്താ

